LIBRARY ARCHIVES Kerala Legislative Assembly

നൂറനാട് ഗ്രാമപഞ്ചായത്തിൽ ആയുർവേദ ഡിസ്പെൻസറി ആരംഭിക്കുന്നതിന് നടപടി

138 [963] ശ്രീ. കെ. കെ. ഷാജു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പന്തളം നിയോജകമണ്ഡലത്തിലെ നൂറനാട് ഗ്രാമപഞ്ചായത്തിൽ ഒരു ആയുർവ്വേദ ഡിസ്പെൻസറി ആരംഭിക്കുന്നതിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കാമോ;

(ബി) ഗ്രാമപഞ്ചായത്തിൽ ഈ ഡിസ്പെൻസറി ആരംഭിക്കുന്നതിനുള്ള തടസ്സങ്ങൾ എന്തെല്ലാമാണ്;

(സി) ആയുർവ്വേദ ഡിസ്പെൻസറി എന്നത്തേക്ക് പ്രവർത്തനക്ഷമമാകുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) പുതിയ ആയുർവ്വേദ ഡിസ്പെൻസറികൾ ആരംഭിക്കുന്നതിനുള്ള പരിഗണനാ ലിസ്റ്റിൽ നൂറനാട് ഗ്രാമപഞ്ചായത്തിനെയും ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി ആന്റ് സി) ഡിസ്പെൻസറി ആരംഭിക്കുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങൾ, സ്ഥലം, കെട്ടിടം എന്നിവ ലഭ്യമാക്കേണ്ടത് ബന്ധപ്പെട്ട ഗ്രാമപഞ്ചായത്താണ്. ഇവ ലഭ്യമാക്കുന്ന മുറയ്ക്ക് സർക്കാരിന്റെ സാമ്പത്തിക നില മെച്ചപ്പെടുന്നതനുസരിച്ച് നൂറനാട് ഗ്രാമപഞ്ചായത്തിനെയും പരിഗണിക്കുന്നതാണ്.

ആലപ്പുഴയിലെ വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനം

139 [964] ശ്രീ. കെ. സി. വേണുഗോപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴയിലെ വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനം ഇപ്പോൾ ഏതു ഘട്ടത്തിലാണ്;

(ബി) ഇതിന്റെ ഭരണ സമിതി കൂടാറുണ്ടോ;

(സി) എങ്കിൽ എന്നാണ് അവസാനമായി ഭരണസമിതി കൂടിയതെന്ന് വ്യക്തമാക്കുമോ;

(ഡി) ആലപ്പുഴ എം.പി.-യെയും എം.എൽ.എ.-യെയും ഭരണ സമിതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ;

(ഇ) എങ്കിൽ ഇവരെ ഉൾപ്പെടുത്തിയശേഷം ഭരണ സമിതി വിളിച്ചു കൂട്ടുകയും മുന്നറിയിപ്പില്ലാതെ മാറ്റിവയ്ക്കുകയും ചെയ്തിട്ടുണ്ടോ;

(എഫ്) എങ്കിൽ എന്നാണെന്നും ഇതിനുള്ള കാരണവും വ്യക്തമാക്കുമോ;

(ജി) ഇൻസ്റ്റിറ്റ്യൂട്ട് പ്രവർത്തനം ആരംഭിച്ചശേഷം എന്തെല്ലാം ഉപകരണങ്ങൾ വാങ്ങിയിട്ടുണ്ട്;

(എച്ച്) ഇതിന് ചെലവായ തുക എത്രയാണെന്നും തുക ചെലവഴിക്കുന്നതിനുള്ള മാനദണ്ഡം എന്താണെന്നും വ്യക്തമാക്കാമോ;

(ഐ) ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനം ഉദ്ദേശിച്ച രീതിയിൽ മുന്നോട്ടു പോകുന്നില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ജെ) എങ്കിൽ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമായി മുന്നോട്ടു കൊണ്ടുപോകുന്നതിനുള്ള പരിപാടികൾ ആസൂത്രണം ചെയ്യുന്നതിന് ഒരു മന്ത്രിതല യോഗം വിളിച്ചുകൂട്ടുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ആലപ്പുഴ മെഡിക്കൽ കോളേജിൽ മൈക്രോബയോളജി ഡിപ്പാർട്ട്മെന്റിനോട് ചേർന്ന് 1997-ൽ ആരംഭിച്ച ഈ സ്ഥാപനം 1999-ൽ ഒരു സ്വയംഭരണ സ്ഥാപനമായി രജിസ്റ്റർ ചെയ്തു. 2-9-2003-ലെ സ.ഉ. (എം.എസ്.) നം. 183/03/ആ.കു.വ. പ്രകാരം സ്ഥാപനത്തിൽ ഒരു പ്രോജക്ട് ഡയറക്ടർ തസ്തിക സൃഷ്ടിക്കുകയും താൽക്കാലിക അടിസ്ഥാനത്തിൽ ഒരാളെ നിയമിക്കുകയും ചെയ്തു. സർക്കാരിന്റെ സാമ്പത്തിക സഹായത്തോടുകൂടി പ്രവർത്തിച്ചുവരുന്ന ഈ സ്ഥാപനത്തെ സ്വന്തമായ കെട്ടിട സൗകര്യത്തോടുകൂടി ദേശീയ നിലവാരത്തിലുള്ള ഒന്നാക്കി മാറ്റുവാൻ 23-4-2004-ലെ സ.ഉ. (എം.എസ്.) 112/04/റവന്യൂ വകുപ്പ് പ്രകാരം ആലപ്പുഴ മെഡിക്കൽ കോളേജ് കാമ്പസിൽ നിന്നും 8 ഏക്കർ സ്ഥലം അനുവദിച്ചു നൽകുകയും ചെയ്തു. പ്രധാന പകർച്ചവ്യാധികളായ എലിപ്പനി, ഡെങ്കിപ്പനി, ജപ്പാൻജ്വരം എന്നിവയുടെ രോഗനിർണ്ണയവും നിരന്തര നിരീക്ഷണ പ്രവർത്തനങ്ങളും സ്ഥാപനത്തിൽ നടന്നുവരുന്നു.

(ബി) ഉണ്ട്.

(സി) എക്സിക്യൂട്ടീവ് കമ്മിറ്റി മീറ്റിംഗ് 5-2-2004-ലും ഗവേണിംഗ് ബോഡി 19-9-2002-ലും അവസാനമായി കൂടി.

(ഡി) ഉൾപ്പെടുത്തിയിട്ടുണ്ട്.

(ഇ ആന്റ് എഫ്) ആലപ്പുഴ എം.പി.-യെയും എം.എൽ.എ.-യെയും ഉൾപ്പെടുത്തിയശേഷം 1-7-2004-ന് നടത്തുവാൻ നിശ്ചയിച്ചിരുന്ന ഗവേണിംഗ് ബോഡി യോഗം ചെയർമാന് ഔദ്യോഗിക കൃത്യനിർവഹണത്തിന്റെ ഭാഗമായി ഡൽഹിയിൽ പോകേണ്ടി വന്നതിനാൽ മാറ്റിവയ്ക്കേണ്ടി വന്നിട്ടുണ്ട്. യോഗം മാറ്റിവച്ച വിവരം ഭരണ സമിതി അംഗങ്ങളെ മുൻകൂട്ടി അറിയിക്കുകയും ചെയ്തിരുന്നു.

(ജി) വാങ്ങിയിട്ടുള്ള ഉപകരണങ്ങളുടെ ലിസ്റ്റും അനുബന്ധമായി ചേർക്കുന്നു. †

† അനുബന്ധം XIII.

LIBRARY ARCHIVES Kerala Legislative Assembly